(സി) മുടങ്ങിക്കിടക്കുന്ന ചെറുതുരുത്തി തടയണയുടെ ശേഷിക്കുന്ന ഭാഗത്തിന്റെ നിർമ്മാണത്തിനായി 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2015-16 ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ല. എന്നാൽ ആർ.എം.എഫ്-ൽ ഉൾപ്പെടുത്തി പ്രസ്തുത തടയണയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി സംസ്ഥാന ഉന്നത തല സമിതിയുടെ പരിഗണനയിലാണ്.

കാസർഗോഡ് നഗരത്തിലെ കുടിവെള്ളക്ഷാമം

134 (2343) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നഗരത്തിൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമേ കുടിവെള്ളം ലഭിക്കാറുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പമ്പുകളും മോട്ടോറുകളും അനുവദിച്ചിട്ടും കാസർഗോഡ് നഗരത്തിലെ ജനങ്ങൾക്ക് ഇപ്പോഴും കുടിവെള്ളം കിട്ടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് അടിയന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് നഗരത്തിൽ കുടിവെള്ള വിതരണ പമ്പുകളുടെ മോട്ടോർ തകരാറ് ആകുന്നതുമൂലം കുടിവെള്ള വിതരണം തടസ്സപ്പെടാറുണ്ട്. പ്രവർത്തനരഹിതമായ മോട്ടോറുകളുടെ തകരാറുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയതായി സ്ഥാപിച്ച രണ്ട് പമ്പ് സെറ്റുകൾ ഗ്യാരണ്ടി പിരീഡിൽ തന്നെ തകരാറായതിനാൽ പ്രസ്തുത കരാറുകാരനെ കൊണ്ടുതന്നെ കരാർ വ്യവസ്ഥയനുസരിച്ച് കേടായ മോട്ടോറുകൾ മാറ്റി പുതിയ പമ്പ് സെറ്റ് സ്ഥാപിച്ച് കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കാഞ്ഞങ്ങാട് മടിക്കൈ പുല്ലിക്കാൽ ക്രോസ് ബാർ-കം-ബ്രിഡ്ജ് അറ്റകുറ്റപ്പണികൾ

135 (2344) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ ക്രോസ്ബാർ-കം-ബ്രിഡ്ജ് കോൺക്രീറ്റ് തൂണുകൾ തകർന്ന് അപകടാവസ്ഥയിലാണെന്ന കാര്യവും ക്രോസ് ബാർ ചോർച്ചയുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് അടിയന്തരമായും നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി

136 (2345) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് എസ്.എൽ.എസ്.എസ്.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടിയുടേതാണ് പദ്ധതി രൂപരേഖ ;

(ബി) പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകൾക്കുവേണ്ടി മംഗലം ഡാം സ്രോതസ്സായ ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 20 കോടി രൂപയ്ക്ക് എസ്.എൽ.എസ്.എസ്.സി. അംഗീകാരം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രോജക്ടിൽ കണ്ണമ്പ്ര പഞ്ചായത്തിനെ ഉൾപ്പെടുത്തിയിരുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly